©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 സെപ്റ്റംബർ 18<br>18th September 2025<br>1201 കന്നി 2<br>2nd Kanni 1201<br>1947 ഭാദ്രം 27<br>27th Bhadra 1947 | നമ്പർ<br>No. | 3346 |

### കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. കെ.എൽ.എസ്/7825/2025-ലെജിൻ 2 — തിരുവനന്തപുരം, 2025 സെപ്റ്റംബർ 18

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69(1)-ാംചട്ടപ്രകാരം 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 275

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ് " എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ് " എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

3. 15-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,-

(i) (3)-ാം ഉപവകുപ്പിൽ, (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“(ഇഎ) നഗരസഭയുടെ മാസ്റ്റർ പ്ലാൻ നടപ്പാക്കൽ, നഗര അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കൽ, മാലിന്യസംസ്കരണം മുതലായ കാര്യങ്ങൾക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തിക്കുകയും ;”;

(ii) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിലെ (ബി) ഖണ്ഡത്തിൽ, "അടുത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യോഗത്തിൽ" എന്ന വാക്കുകൾക്കുപകരം "തൊട്ടടുത്ത സാധാരണ യോഗത്തിൽ ചെയർപേഴ്സൺ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 50-ാം വകുപ്പിനുള്ള ഭേദഗതി. - പ്രധാന ആക്റ്റിലെ 50-ാം വകുപ്പിൽ,-

(i) (4)-ാം ഉപവകുപ്പിൽ, "25,000" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "2,00,000" എന്ന അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (7)-ാം ഉപവകുപ്പിൽ, "പെർഫോമൻസ് ആഡിറ്റ്" എന്ന വാക്കുകൾക്ക് പകരം "ആഭ്യന്തര വിജിലൻസ് ആന്റ് മോണിറ്ററിംഗ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 56-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ,-

(i) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(5) മുനിസിപ്പൽ ഭരണത്തേയോ, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ വർക്കുകളേയും പദ്ധതികളേയും സംബന്ധിച്ചോ ഉള്ള രേഖകളും മറ്റും പരിശോധിക്കുന്നതിനും ഒരു മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമപരവുമായ ചുമതലകളെ ആ മുനിസിപ്പാലിറ്റിയെ ഭരമേൽപ്പിച്ച, സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പാട് ചെയ്യാവുന്നതാണ്." ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(6) മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.".

6. 217-ാം വകുപ്പിനുള്ള ഭേദഗതി.-പ്രധാന ആക്റ്റിലെ 217-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ,-

(i) (ബി) ഖണ്ഡത്തിൽ,-

(എ) (i)-ാം ഇനത്തിൽ "അമ്പതിനായിരം " എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (ii)-ാം ഇനത്തിൽ "അമ്പതിനായിരം" എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (സി) ഖണ്ഡത്തിൽ,-

(എ) (i)-ാം ഇനത്തിൽ "ഒരു ലക്ഷം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (ii)-ാം ഇനത്തിൽ "ഒരു ലക്ഷം " എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 233-ാം വകുപ്പിനുള്ള ഭേദഗതി.-പ്രധാന ആക്റ്റിലെ 233-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "(പൂർണ്ണസംഖ്യയിൽ)" എന്ന ബ്രാക്കറ്റും വാക്കും വിട്ടുകളയേണ്ടതാണ്.

8. 369 -ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.-പ്രധാന ആക്റ്റിലെ 369-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

" 369. പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ.-(1) യാതൊരാളും ഏതെങ്കിലും പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈയേറുന്ന വിധത്തിൽ ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ തൂണോ പടിയോ എടുപ്പുകളോ നിർമ്മിക്കുകയോ ആബദ്ധവസ്തുക്കൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതൊരാളും ഏതെങ്കിലും പൊതുസ്ഥലത്തോ പൊതുനിരത്തിലോ അവയ്ക്ക് മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്നചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ അവയ്ക്ക് മീതെയോ ഏതെങ്കിലും കമാനങ്ങളോ ബോർഡുകളോ ഹോർഡിംഗുകളോ ബാനറുകളോ ഡിജിറ്റൽ ബാനറുകളോ കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുകയോ കെട്ടുകയോ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി സെക്രട്ടറിയിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ് :

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെയും (2000-ലെ 6), 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സെക്രട്ടറി അപ്രകാരമുള്ള അനുമതി നൽകേണ്ടത്.

9. 447-ാം വകുപ്പിനുള്ള ഭേദഗതി.-പ്രധാന ആക്റ്റിലെ 447-ാം വകുപ്പിൽ,-

(i) (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ,-

(എ) (i)-ാം ഇനത്തിൽ "നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "നിർണ്ണയിക്കുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (3)-ാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ "അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ 30 ദിവസത്തിനുള്ളിൽ" എന്ന വാക്കുകളും അക്കവും വിട്ടുകളയേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10. 448-ാം വകുപ്പിനുള്ള ഭേദഗതി.-പ്രധാന ആക്റ്റിലെ 448-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "നൽകുന്നതിനോ നിരസിക്കുന്നതിനോ" എന്ന വാക്കുകൾക്ക് പകരം “നൽകുന്നതിന്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. 449-ാം വകുപ്പിന്റെ ഭേദഗതി.-പ്രധാന ആക്റ്റിലെ 449-ാം വകുപ്പിൽ,-

(i) (2)-ാം ഉപവകുപ്പിൽ "സെക്രട്ടറിക്ക്" എന്ന വാക്കിനുപകരം 'സെക്രട്ടറി' എന്ന വാക്കും, "തേടാവുന്നതും" എന്ന വാക്കിനുപകരം "തേടേണ്ടതും" എന്ന വാക്കും ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ “അപ്രകാരമുള്ള" എന്ന വാക്കിനുപകരം "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ച ശേഷം (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഒരു" എന്ന ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ മുനിസിപ്പാലിറ്റിയിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ തുല്യമായി വരികയാണെങ്കിൽ സ്ഥാനം സംവരണം ചെയ്യേണ്ടതു സംബന്ധിച്ച് പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യുന്നതിനും ചെയർപേഴ്സന്റെ അധികാരങ്ങൾ നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ടും, സെക്രട്ടറിയിൽ നിക്ഷിപ്തമായ സാമ്പത്തിക ചുമതലകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം, സോഷ്യൽ ആഡിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനും, എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിനും, വസ്തുനികുതി സംബന്ധിച്ചും, ഹോർഡിംഗുകളോ ബാനറുകളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുന്നത് തടയുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതിനായും, ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം നൽകുന്നതുമായി ബന്ധപ്പെട്ടും, വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 15, 50, 56, 217, 233, 369,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

447, 448, 449 എന്നീ വകുപ്പുകളിലും അനുയോജ്യമായ ഭേദഗതികൾ കൊണ്ടു വരുന്നതിനും സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 56-ാം വകുപ്പിന്റെ ,-

(i) (5)-ാം ഉപവകുപ്പ്, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ പ്രവൃത്തികളെ വിലയിരുത്തുന്നതിനും, പാകപ്പിഴകൾ ഉണ്ടെങ്കിൽ പരിഹരിക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പെടുത്തുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിനും ;

(ii) (6)-ാം ഉപവകുപ്പ്, മുനിസിപ്പാലിറ്റി നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 369-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയുന്നതുമായി ബന്ധപ്പെട്ട് ഫീസിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതിവരുത്താനുദ്ദേശിക്കുന്ന, 447-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങൾക്ക് ലൈസൻസ് ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം.ബി. രാജേഷ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.18 09:22:00 +05:30